യുവസൃഷ്ടി

(നെച്ചൂർ സെന്റ്.തോമസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം)

ലക്കം : 1

വി.മൂന്ന് നോമ്പ് പെരുന്നാൾ

2026 ജനുവരി 25, 26, 27, 28 തീയതികളിൽ

നെച്ചൂർപള്ളി പെരുന്നാൾ 2026

DENTAL SQUARE

MULANTHURUTHY
Ph. 8281600333
dentalsquare2016@gmail.com

PEPPATHY
Ph. 8078700333
www.mydentalsquare.com

catholicos@mosc.in

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS III
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

January 12, 2026

അനുഗ്രഹ സന്ദേശം

നെച്ചൂർ സെന്റ്.തോമസ് ഓർത്തഡോക്സ് പള്ളി വികാരിക്കും, ഭരണ സമിതിക്കും, വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

നമ്മുടെ നെച്ചൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ പ്രധാന പെരുന്നാൾ ആഗതമാവുകയാണല്ലോ. എല്ലാവർക്കും നമ്മുടെ പ്രാർത്ഥനാശംസകൾ നേരുന്നു.

ദൈവാലയങ്ങൾ ദേശത്തിന്റെ അനുഗ്രഹ സ്തംഭങ്ങളാണ്. പെരുന്നാളുകൾ മനുഷ്യരെ ആ അനുഗ്രഹത്തിൽ പങ്കാളികൾ ആക്കുന്ന അവസരങ്ങളാണ്. ജാതിമത ചിന്തകൾക്കുപരിയായി സാഹോദര്യവും സൗഹാർദ്ദവും സമഭാവനയും ഊട്ടിയുറപ്പിക്കുവാൻ നിങ്ങളുടെ പെരുന്നാൾ മുഖാന്തിരമാകണം. വലിയ ആർഭാടങ്ങൾക്കും ആഘോഷങ്ങൾക്കും മുതിരാതെ അശരണർക്കും അഗതികൾക്കും സഹായ ഹസ്തം നീട്ടുവാനും, നമ്മുടെ വരും തലമുറയെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തിക്കൊണ്ടുവരുവാനും ഏവരും ശ്രദ്ധിക്കണം.

പെരുന്നാൾ ആഘോഷങ്ങളുടെ ഭാഗമായി യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന സപ്ലിമെന്റിന് എല്ലാ മംഗളങ്ങളും നേരുന്നു. ഈ പ്രസിദ്ധീകരണത്തിന്റെ പിന്നണിയിൽ പ്രവർത്തിക്കുന്ന എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ!

അനുഗ്രഹ ആശംസകളോടെ!

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

വെറുതാൽ സന്ദേശം

നെച്ചൂർ ദേശത്തിന്റെ വിശുദ്ധോത്സവം വി.മൂന്ന് നോമ്പ് പെരുന്നാൾ

റവ.ഫാ. ജിത്തു മാത്യു
ഐക്കരക്കുന്നത്ത്
(ഇടവക വികാരി)

നെച്ചൂർ ദേശത്തിന്റെ ആത്മീയചൈതന്യവും ചരിത്രപ്പെരുമയും വിളിച്ചോതുന്ന നെച്ചൂർപള്ളി പെരുന്നാളിലേക്ക് ഏവർക്കും ആദരവോടെ സ്വാഗതം.

വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും സംഗമഭൂമിയായ നെച്ചൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ വീണ്ടും ഒരു ധന്യനിമിഷം.നെച്ചൂർ എന്ന ഗ്രാമത്തിന്റെ ഹൃദയമിടിപ്പാണ് പരിശുദ്ധനായ മാർതോമ്മശ്ലീഹായുടെ നാമത്തിലുള്ള പള്ളിയിലെ മൂന്ന് നോമ്പ് പെരുന്നാൾ. ജാതിമത ഭേദമന്യേ ഒരു ജനത മുഴുവൻ ഭക്തിയോടെയും ഐക്യത്തോടെയും ആഘോഷിക്കുന്ന പെരുന്നാൾ. മാർ യൗനാൻ നിബിയുടെയും നിനവേ നിവാസികളുടെയും മാനസാന്തരത്തിന്റെ സ്മരണ പുതുക്കുന്ന നിനുവേ നോമ്പ് പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യത്തിൽ വലിയ പ്രാധാന്യ മർഹിക്കുന്നതാണ്.പുരാതന നഗരമായ നിനുവെയിലെ ജനങ്ങൾ പാപവഴികളിലൂടെ സഞ്ചരിച്ചപ്പോൾ, ദൈവം യോനാ പ്രവാചകനെ നിനുവെയിലേയ്ക്ക് അയച്ചു. നഗരം നശിപ്പിക്കപ്പെടാൻ പോകുന്നു എന്ന ദൈവത്തിന്റെ മുന്നറിയിപ്പ് കേട്ട ജനങ്ങൾ, രാജാവു മുതൽ സാധാരണക്കാർ വരെ ചാരത്തിലിരുന്ന് ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. അവരുടെ ആത്മാർത്ഥമായ മാനസാന്തരം കണ്ട് ദൈവം ആ നഗരത്തെ നാശത്തിൽ നിന്ന് രക്ഷിച്ചു. ദൈവത്തിൽ നിന്ന് നമ്മെയകറ്റുന്ന തെറ്റുകൾ മനസിലാക്കി ഏറ്റുപറഞ്ഞ് മടങ്ങിവരാനുള്ള അവസരമായി ഈ പെരുന്നാൾ ശുശ്രൂഷകളും ആചരണങ്ങളും മാറണം.നേർച്ച കാഴ്ചകളോടൊപ്പം നമ്മുടെ ഹൃദയങ്ങളെയും ദൈവത്തിന് സമർപ്പിക്കുവാൻ സാധിക്കണം. നോമ്പോടും ഉപവാസത്തോടും ഹൃദയനൈർമല്യത്തോടും പെരുന്നാളിലേക്ക് പ്രവേശിക്കാം.

നെച്ചൂർ ദേശത്തെ സംബന്ധിച്ചിടത്തോളം ഈ പെരുന്നാൾ കേവലം ഒരു മതപരമായ ചടങ്ങ് മാത്രമല്ല. ഈ ദേശത്തിന്റെ സാംസ്കാരിക അടയാളം കൂടിയാണ്. വി.മൂന്ന് നോമ്പ് പെരുന്നാൾ ആരാധനയോടൊപ്പം ദേശം ചുറ്റി ദക്തി നിർഭരമായ പ്രദക്ഷിണവും നേർച്ച സദ്യയും ചരിത്രപ്രസിദ്ധമായ കറി നേർച്ചയും ഈ ജനതയ്ക്ക് ദൈവം നൽകുന്ന അനുഗ്രഹം പറഞ്ഞറിയിക്കുവാൻ ആവാത്തതാണ്. ദേവാലയത്തിന് ലഭിക്കുന്ന കറി നേർച്ച രോഗവിമുക്തി നേടുവാൻ ഉപയോഗിക്കുന്നതും അതു വഴി രോഗസൗഖ്യം ലഭിക്കുന്നതും ഒരു വലിയ വിശ്വാസ സാക്ഷ്യമാണ്.മതസൗഹാർദ്ദത്തിന്റെ സന്ദേശം നെച്ചൂർ പള്ളി പെരുന്നാളിന്റെ ഏറ്റവും വലിയ സവിശേഷതയാണ്. ഇതിന് ഒരു ജനകീയ സ്വഭാവുമുണ്ട്. ക്രൈസ്തവർക്കൊപ്പം ഇതര മതസ്ഥരും ഈ ആഘോഷങ്ങളിലും പെരുന്നാൾ ആചരണങ്ങളിലും സജീവമായി പങ്കുചേരുന്നത് വഴി ദേശത്തിന്റെ ഒത്തൊരുമയുടെയും സ്നേഹത്തിന്റെയും പ്രതീകമായി ഈ ഉത്സവം നിലകൊള്ളുന്നു. വിശ്വാസത്തിന്റെ നിറദീപങ്ങൾ തെളിയുന്ന വി.മൂന്ന് നോമ്പ് പെരുന്നാൾ ; പ്രാർത്ഥനയും ആഘോഷവും ഒത്തുചേരുന്ന ഈ ദിനങ്ങൾ നാടിന് നൽകുന്നത് സമാധാനത്തിന്റെയും പ്രത്യാശയുടെയും വലിയൊരു സന്ദേശമാണ്.

ഉമ്മിക്കുന്ന് മാർ ഏലിയാ ചാപ്പൽ



വിളിച്ചാൽ വിളി കേൾക്കുന്ന ഇടം. ദൈവസാന്നിധ്യം കൂടുതൽ അനുഭവിച്ചറിയുവാൻ അനേകർക്ക് ഭാഗ്യം സിദ്ധിച്ച പുണ്യഭിടം.പ്രകൃതിരമണീയമായ കുന്നിൻ മുകളിൽ സ്ഥിതി ചെയ്യുന്ന ഈ ആരാധനാലയം അനേകർക്ക് അഭയ സ്ഥാനമാണ്. അതിപുരാതനമായ നെച്ചൂർ സെന്റ്.തോമസ് ഓർത്തഡോക്സ് പള്ളിയുടെ കീഴിൽ മാർ ഏലിയ ദീർഘദർശിയുടെ നാമത്തിൽ സ്ഥാപിതമായ ഈ ചാപ്പലിന് പള്ളിയോളം പഴക്കമുണ്ട്. ദൈവാനുഗ്രഹത്താൽ മാർ ഏലിയ ദീർഘദർശിയുടെ മദ്ധ്യസ്ഥതയിൽ അനേകം ആളുകൾക്ക് രോഗസൗഖ്യവും സന്താന സൗഭാഗ്യവും വിവിധ ക്ലേശങ്ങളിൽ നിന്നുള്ള വിടുതലും തുടങ്ങി ഒട്ടേറെ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനാൽ നാനാജാതിമത സ്ഥരായ എല്ലാവർക്കും ഈ ഇടം അവരുടെ ജീവിതത്തിന്റെ ഒരു ഭാഗമാണ്.സമീപ പ്രദേശങ്ങളിൽ നിന്ന് മാത്രമല്ല മറ്റു ജില്ലകളിൽ നിന്ന് പോലും ഭക്തർ ഇവിടെയെത്തി അനുഗ്രഹം പ്രാപിച്ചു തിരിച്ച് പോകുന്നു.എല്ലാ വെള്ളിയാഴ്ചയും സന്ധ്യാ നമസ്കാരവും പരിശുദ്ധന്റെ നാമത്തിലുള്ള പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനയും കൂടാതെ എല്ലാ രണ്ടാം ശനിയാഴ്ചയും വി.കുർബാനയും അർപ്പിക്കപ്പെടുന്നു. മറ്റ് വഴിപാടുകളോടൊപ്പം ഭക്തിയാദരപൂർവ്വം വി.കുർബാന ഏറ്റു കഴിച്ച് അനുഗ്രഹം പ്രാപിക്കുന്നവരുടെ നിര പറഞ്ഞറിയിക്കാവുന്നതിനും അപ്പുറമാണ്.പുരാതനകാല മുതൽ ഈ ചാപ്പലിലെ പ്രധാന പെരുന്നാൾ മലയാള മാസം ഇടവം 10ം തീയതി (മെയ് 24) ആചരിച്ചു വരുന്നു. 2018-ൽ പുതുക്കിപണിത പള്ളിയിലെ പരിശുദ്ധ മദ്ബഹായിലെ ത്രോണോസിൽ നൂറ്റാണ്ടുകൾപഴക്കമുള്ള ഒറ്റ ചെങ്കല്ലിൽ തീർത്ത കുരിശ്,പഴമയുടെ തെളിവാർന്ന മകുടോദാഹരണമാണ്.ഈ സന്നിധാനത്തിലെ ദൈവതേജസിൽ,

അഭയപ്പെടാം.... ആശ്രയിക്കാം..... അനുഭവിക്കാം....

ചരിത്രപ്രസിദ്ധമായ കറിനേർച്ച

ചരിത്രപ്രസിദ്ധമായ കറിനേർച്ച മറ്റ് പള്ളികളിലെ പെരുന്നാൾ നേർച്ചകളിൽ നിന്ന് വ്യത്യസ്തമായി നിലകൊള്ളുന്ന ഒരു നേർച്ചയാണ്. കറിനേർച്ചയെ സംബന്ധിച്ച് അതിപുരാതനമായ നെച്ചൂർ പള്ളിക്കും ദേശനിവാസികൾക്കും ആഴമായ വിശ്വാസത്തിന്റെയും ഇതിൽ നിന്ന് ലഭിച്ച ദൈവാനുഗ്രഹത്തിന്റെയും ചരിത്രവസ്തുതകളെ പ്രകീർത്തിച്ച് ഒരുപാട് കഥകൾ പറയാനുണ്ട്. ജാതിമത വർണ്ണ വർഗ്ഗ ചിന്തകൾക്ക് അതീതമായി എല്ലാവരും ഏകോദര സഹോദരങ്ങളെപ്പോലെ പെരുന്നാൾ ശുശ്രൂഷകളിൽ പങ്കെടുത്ത് അവസാനം കറിനേർച്ച വിളമ്പിയാണ് പെരുന്നാൾ ചടങ്ങുകൾ സമാപിക്കുന്നത്. ദൈവജനം വഴിപാടായി ദേവാലയത്തിൽ സമർപ്പിക്കുന്ന തേങ്ങ, ശർക്കര,അരിപൊടി എന്നിവയാണ് കറിനേർച്ചയുടെ പ്രധാന കൂട്ട്. ദേവാലയ മുറ്റത്ത് പ്രാർത്ഥനകൾ ചൊല്ലി രൂപപ്പെടുത്തുന്ന കറിനേർച്ച പഞ്ഞം,വസന്ത,വസൂരി മുതലായ പകർച്ചവ്യാധികൾ, വളർത്തു മൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ എന്നിവയിൽ നിന്ന് മുക്തി നേടുവാൻ സാധിക്കും എന്നതാണ് വിശ്വാസം. ദേവാലയത്തിൽ സമർപ്പിക്കുന്ന മറ്റ് വഴിപാടുകളോടൊപ്പം ഭവനത്തിലെ അംഗസംഖ്യക്കൊത്തവണ്ണം നാളികേരം ഈ നേർച്ചയ്ക്കായി സമർപ്പിക്കുന്നു എന്നതും ശ്രദ്ധേയമാണ്. കറിനേർച്ച ഉണ്ടാക്കുന്നതും, അതിൽ സഹകരിക്കുന്നതും, അത് പാനംചെയ്യുന്നതും വലിയ അനുഗ്രഹമായി കാണുന്ന ഒരു തലമുറ ഇന്നും ജീവിക്കുന്നു എന്നതാണ് ചരിത്രപ്രസിദ്ധമായ കറിനേർച്ചയുടെ കീർത്തി നാടെങ്ങും എത്തുവാൻ ഉണ്ടായ സാഹചര്യം.

സെന്റ്.ജോൺ ദി ബാപ്റ്റിസ്റ്റ് കാതോലിക്കേറ്റ് സെന്റർ

പുത്തൻനട സെന്റ്.പീറ്റേഴ്സ് & സെന്റ്.പോൾസ് കുരിശുപള്ളി

പടിഞ്ഞാറേ കൽക്കുരിശ്

ഏഴക്കരനാട് സെന്റ്.തോമസ് കുരിശുപള്ളി

മേക്കാട്ടുമറ്റം സെന്റ് ജോർജ് കുരിശുപള്ളി

കിഴക്കേകുരിശ്

പള്ളിപ്പടി കുരിശ്

ഫാ.ജോർജ് കൊള്ളിനാൽ മെമ്മോറിയൽ പ്രാർത്ഥനാലയം

എഡിറ്റോറിയൽ:

മാറുന്ന കാലത്തെ മലങ്കര യുവത

ജോൺ വിനോയി
(പ്രസിഡന്റ് OCYM തെക്കൻ)

വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്ത്, സഭയുടെയും സമൂഹത്തിന്റെയും ദിശ നിശ്ചയിക്കുന്നതിൽ മലങ്കര യുവതയുടെ പങ്ക് അത്യന്തംനിർണായകമാണ്. ആധുനികതയുടെ വെളിച്ചവും വെല്ലുവിളികളും ഒരുപോലെ നേരിടുമ്പോഴും, മലങ്കര സഭയുടെ വിശ്വാസപാരമ്പര്യത്തെയും ആത്മീയ മൂല്യങ്ങളെയും ഹൃദയത്തിൽ സൂക്ഷിച്ച് മുന്നേറുന്ന യുവതയാണ് ഇന്നത്തെ സഭയുടെ ശക്തി.

ഉന്നത വിദ്യാഭ്യാസവും വൈവിധ്യമാർന്ന തൊഴിൽ മേഖലകളും തേടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് യാത്ര ചെയ്യുന്ന നമ്മുടെ യുവാക്കൾ, അവിടെയെത്തിയിട്ടും സഭയുമായി ബന്ധം നിലനിർത്തുന്നു എന്നത് അഭിമാനകരമാണ്. തിരക്കേറിയ ഐടി കമ്പനികളിലും ആരോഗ്യരംഗത്തും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെല്ലാം ജോലി ചെയ്യുന്ന യുവത, ഞായറാഴ്ചകളിൽ ദൈവാലയത്തിൽ സാന്നിധ്യമറിയിക്കുകയും ഇടവക പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാവുകയും ചെയ്യുന്നു. പഠനത്തോടൊപ്പം സൺഡേ സ്കൂൾ അധ്യാപകരായി സേവനം ചെയ്യുന്നവരും, യുവജന പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുന്നവരുമായ അനേകം ഉദാഹരണങ്ങൾ നമ്മുടെ ഇടവകകളിലുണ്ട്.

അതുപോലെ തന്നെ, സാമൂഹിക ഉത്തരവാദിത്വം ഏറ്റെടുത്ത് പ്രവർത്തിക്കുന്ന മലങ്കര യുവതയും ഇന്നത്തെ കാലത്തിന്റെ അടയാളമാണ്. രക്തദാന ക്യാമ്പുകൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ സഹായങ്ങൾ, രോഗികൾക്കായുള്ള കരുതൽ പദ്ധതികൾ എന്നിവയിലൂടെ സഭയുടെ സ്നേഹസന്ദേശം സമൂഹത്തിലേക്ക് എത്തിക്കാൻ ഇവർ മുന്നിൽ നിൽക്കുന്നു. സാമൂഹിക മാധ്യമങ്ങളെയും ഡിജിറ്റൽ സാങ്കേതികതയെയും സുവിശേഷത്തിന്റെയും സേവനത്തിന്റെയും ഉപകരണങ്ങളാക്കി മാറ്റുന്ന യുവത, പുതിയ തലമുറയ്ക്ക് പ്രചോദനമാകുന്നു.

മാറ്റങ്ങളെ ഭയപ്പെടാതെ, എന്നാൽ വിശ്വാസത്തെ കൈവിടാതെയുള്ള ഈ മുന്നേറ്റമാണ് മാറുന്ന കാലത്തെ മലങ്കര യുവതയെ വേറിട്ടുനിറുത്തുന്നത്. സഭയുടെ ഇന്നലകളിൽ നിന്ന് ശക്തി ഉൾക്കൊണ്ട്, ഇന്നത്തെ കാലത്തെ മനസ്സിലാക്കി, നാളെയുടെ പ്രതീക്ഷയായി ഉയർന്നുനിൽക്കുന്ന മലങ്കര യുവത.അവരാണ് നമ്മുടെ സഭയുടെ ജീവൻ, ദൗത്യം, ഭാവി.

നെച്ചൂർ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിൽ പ്രവർത്തിക്കുന്ന ക്രൈസ്തവ യുവജന പ്രസ്ഥാനം എല്ലാവരുടെയും സഹകരണത്തോടെ സഭാ ശുശ്രൂഷയിലും സാമൂഹിക സേവനത്തിലും നിരവധി കർമ്മ പദ്ധതികൾ നിർവഹിക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ പ്രസിദ്ധീകരണത്തിന്റെ പിന്നിൽ താങ്ങും തണലുമായി നിന്നയെല്ലാവർക്കും ഹൃദയപൂർവ്വം നന്ദി സമർപ്പിക്കുന്നു.

ഇടവകയിൽ നിന്ന് ആത്മീയ ശുശ്രൂഷയ്ക്ക് നിയോഗിക്കപ്പെട്ടവർ

വന്ദ്യ.ഫാ.ജോൺ സി. എബ്രഹാം
ചോളകത്തിൽ

വന്ദ്യ.ഫാ.ജോൺ
മൂലാമറ്റം

വന്ദ്യ.ഫാ.ജോസ് എബ്രഹാം
വെട്ടിക്കുഴിയിൽ

സി.എലിശുബ ഒ.സി.സി
കോഴിക്കോട്ടുതറയിൽ

ഇടവക മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ

ഇടവക ശുശ്രൂഷക സംഘം

ഇടവക മർത്തമറിയാം വനിതാസമാജം

ഇടവക സൺഡേസ്കൂൾ അധ്യാപകരും വിദ്യാർത്ഥികളും

SAS
LAND DEVELOPERS
Ph: 9847701199,9074577704
HITACHI I BREAKER I JCB
TIPPER I JACKHAMMER
• ലൈസൻസോടു കൂടി പാറപൊട്ടിച്ചു കൊടുക്കും
• മണ്ണ് വാങ്ങുന്നതിനും വിൽക്കുന്നതിനും സമീപിക്കുക
• MSAND, PSAND, മെറ്റൽ, കരിങ്കല്ല് ഓർഡർ അനുസരിച്ച് സൈറ്റിൽ എത്തിച്ചു നൽകുന്നു



പെരുന്നാൾ കാര്യപരിപാടികൾ

2026 ജനുവരി 25 ഞായർ

7.00 AM : പ്രഭാതനമസ്കാരം

8.00 AM : വി.കുർബാന

: പെരുന്നാൾ കൊടിയേറ്റ്

സുവിശേഷയോഗം

6.30 PM: സന്ധ്യാനമസ്കാരം

: ഗാനശുശ്രൂഷ

: വചനശുശ്രൂഷ

റവ.ഫാ. ജോൺ തോപ്പിൽ

(വികാരി, തേവനാൽ മാർ ബഹനാൻ ഓർത്തഡോക്സ് പള്ളി)

2026 ജനുവരി 26 തിങ്കൾ

12.00 PM : ഉച്ച നമസ്കാരം

സുവിശേഷയോഗം

06.30 PM : സന്ധ്യാനമസ്കാരം

: ഗാനശുശ്രൂഷ

: വചന ശുശ്രൂഷ

റവ.ഫാ. വിബിൻ സാബു

(വികാരി,ഓണക്കൂർ സെന്റ് മേരിസ് ഓർത്തഡോക്സ് വലിയ പള്ളി)

2026 ജനുവരി 27 ചൊവ്വ

12 :00 PM : ഉച്ച നമസ്കാരം

05.00 PM : ദേശം ചുറ്റിയുള്ള പ്രദക്ഷിണം

07.30 PM : സന്ധ്യാനമസ്കാരം

അഭി. ഡോ.യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്വത്തിൽ

09.30 PM : ശ്ലൈഹീകവാഴ്വ്

: നേർച്ചസദ്യ

2026 ജനുവരി 28 ബുധൻ

09.00 AM : പ്രഭാത നമസ്കാരം

10.00 AM : വി. മുന്നിൽമേൽ കുർബാന

അഭി. ഡോ.യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്വത്തിൽ

12.00 PM : പ്രദക്ഷിണം

12.45 PM : ശ്ലൈഹീകവാഴ്വ് (പുരാതനപള്ളിമേടയിൽ)

01.00 PM : നേർച്ചസദ്യ

02.30 PM : ചരിത്രപ്രസിദ്ധമായ കറിനേർച്ച

03.30 PM : കൊടിയിറക്ക്

പെരുന്നാൾ ഒരുക്കങ്ങൾക്കായി പള്ളി കാര്യാലയവുമായി ബന്ധപ്പെടുക.

സംഭാവനകൾക്കായി QR Code:

ഇടവക യുവജനപ്രസ്ഥാനം

ഇടവക ഗായകസംഘം

എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

അലൻ ജിനേഷ് പോൾ (OCYM സെക്രട്ടറി)

ജോൺ വിനോയ് (OCYM ട്രഷറർ,ചീഫ് എഡിറ്റർ)

എൽദോ റെജി (OCYM വൈസ് പ്രസിഡന്റ്)

ജിജോ ജോർജ്

റോഷ്ന രാജു

ബേസിൽ ബാബു

നോബിൻ റെജി

പ്രധാന ശുശ്രൂഷകൻ

ജീമോൻ ഫിലിപ്പ്

www.baseliosvidyanikethan.com

BASELIOS VIDYANIKETHAN

SENIOR SECONDARY SCHOOL (CBSE)

(Affiliation No. 930739)

Giri Sinai, Vettickal
Ernakulam Dist.,
Kerala Pin - 682 314

ADMISSION STARTED 2026-2027

Ph: 0484-2742250 E-mail: baseliosvidyanikethancbse@gmail.com

കളർ മങ്ങാത്ത വൃത്തി

LX3 Colour Protected Formula

LAKEROL®

CAR SHAMPOO

സ്വർണ്ണ നിക്ഷേപ പദ്ധതി

തവണ വ്യവസ്ഥയിൽ പണമടച്ച് പണിക്കൂലി തീരെയില്ലാതെ സ്വർണ്ണം സ്വന്തമാക്കുവാൻ സുവർണ്ണാവസരം

പുതിയ സ്വർണ്ണാഭരണങ്ങൾ ഹോൾസെയിൽ വിലയിൽ ലഭ്യമാണ്

ഏത് ജ്വല്ലറിയിൽ നിന്ന് വാങ്ങിയ സ്വർണ്ണവും പരമാവധി വില നൽകി എടുക്കുന്നു

പണയത്തിലിരിക്കുന്ന സ്വർണ്ണാഭരണങ്ങൾ എടുത്ത് വിൽക്കുവാനോ ഉയർന്ന വിലയ്ക്ക് പണയപ്പെടുത്തുവാനോ സഹായിക്കുന്നു

Galaxy Gold

NEAR TO UNION BANK, ARACKAPPADY

+91 8943330888, +91 9605078704, 0484 2657556

HUID 916

INAAYAT DESIGNS

Customization Available
Made Just For You

Sanjana Sanitary Stores,
Opposite Supplyco Super Market,
Eroor, Kochi

+91 9048230598

Inaayat Designs